താലൂക്ക് ആസ്ഥാന ആശുപത്രി, വടക്കൻ പറവൂർ
ടെലഫോൺ നം. 0484-2442365
ഇ–മെയിൽ – thqhnparur@yahoo.co.in

**ഭരണഭാഷ - മാതൃഭാഷ**

നമ്പർ സി1 - M 2603/2026 തിയതി 14.05.2026.

## ടെണ്ടർ പരസ്യം

വടക്കൻ പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ക്യാന്റീൻ 2026-27 സാമ്പത്തികവർഷം വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷം പ്രവർത്തിക്കുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | : **500000 ലക്ഷം** |
| ടെണ്ടർ ഫോം നൽകി തുടങ്ങുന്ന തീയതി | : **05.06.2026** മുതൽ |
| ടെണ്ടർ ഫോം നൽകുന്ന അവസാന തീയതി | : **12.06.2026** ഉച്ചയ്ക്ക് **01.00** മണിവരെ. |
| ടെണ്ടർ ഫോം സ്വീകരിക്കുന്ന തീയതി | : **15.06.2026** ഉച്ചയ്ക്ക് **12.00** മണിവരെ. |
| ടെണ്ടർ തുറന്നു പരിശോധിക്കുന്ന തീയതി | : **15.06.2026** ഉച്ചയ്ക്ക് **03.00** മണിയ്ക്ക്. |

നിരത ദ്രവ്യം ടെണ്ടർ തുകയുടെ 1% (5000 രൂപ) ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ ഡി ഡി ആയി അടക്കം ചെയ്യേണ്ടതാണ്.

ടെണ്ടർ ഫോമിന്റെ വില 1000 + 18 % ജി.എസ്.ടി (180 രൂപ)

ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നേരിൽ ബന്ധപ്പെടേണ്ടതാണ്.

THQ HOSPITAL N. PARAVUR

സൂപ്രണ്ട്
SUPERINTENDENT
TALUK HEAD QUARTERS HOSPITAL
NORTH PARAVUR

പകർപ്പ്:

1. മാധ്യമ പ്രസിദ്ധീകരണത്തിന്
   പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
   (ആമുഖ കത്ത് സഹിതം)
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം),
   എറണാകുളം. (നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)
4. നോട്ടീസ് ബോർഡ്
   1. ജനറൽ ആശുപത്രി, എറണാകുളം
   2. താലൂക്ക് ആസ്ഥാന ആശുപത്രി, വടക്കൻ പറവൂർ.
   3. താലൂക്ക് ആസ്ഥാന ആശുപത്രി, കൊടുങ്ങല്ലൂർ
   4. ജില്ലാ ആശുപത്രി, ആലുവ
   5. മുനിസിപ്പാലിറ്റി, വടക്കൻ പറവൂർ
   6. താലൂക്ക് ഓഫീസ്, വടക്കൻ പറവൂർ
   7. സബ് ട്രഷറി, വടക്കൻ പറവൂർ
5. ഫയൽ/കരുതൽ ഫയൽ.

# 2026-27 കാന്റീൻ ടെണ്ടർ നടത്തിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ

1. കാന്റീൻ ലേലം അംഗീകരിച്ച് കിട്ടിയ വ്യക്തി ഉത്തരവ് ലഭിക്കുന്ന മുറക്ക് താഴെ കാണുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്.
2. ആശുപത്രി കോമ്പൗണ്ടിൽ കാന്റീനായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ മാത്രമെ കാന്റീൻ പ്രവർത്തിക്കുവാൻ പാടുള്ളൂ. ഏതെങ്കിലും മാറ്റങ്ങൾ വരുത്തുന്നതിന് ആശുപത്രി സൂപ്രണ്ടിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതും ഇതു സംബന്ധിച്ച വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കേണ്ടതുമാണ്.
3. കാന്റീൻ രാവിലെ 06.00 മണി മുതൽ രാത്രി 09.00 മണിവരെ പ്രവർത്തിക്കേണ്ടതാണ്. സമയക്രമത്തിൽ മാറ്റം വരുത്തുന്നതിന് ആശുപത്രി സൂപ്രണ്ടിന്റെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.
4. പാചകത്തിന് ഗ്യാസ് സ്റ്റൗ മാത്രം ഉപയോഗിക്കേണ്ടതാണ്. കാന്റീൻ പ്രവർത്തനത്തിനാവശ്യമായ സാധനസാമഗ്രികൾ കരാറുകാരൻ സ്വന്തം ചെലവിൽ എത്തിക്കേണ്ടതാണ്.
5. യാതൊരു കാരണവശാലും കാന്റീൻ നടത്തുന്നതിനുള്ള അവകാശം കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.
6. പ്രവർത്തനം തൃപ്തികരമല്ലാതെ വന്നാൽ മുൻകൂട്ടി നോട്ടീസ് നൽകാതെ പ്രവർത്തനം നിറുത്തി വയ്ക്കാൻ ആശുപത്രി സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങിനെ വരുന്ന പക്ഷം യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരന് അർഹതയുണ്ടായിരിക്കുന്നതല്ല.
7. പ്രകൃതി ക്ഷോഭം മൂലമോ, പ്രവചനാതീതമായ മറ്റേതെങ്കിലും വിധത്തിലോ കാന്റീൻ നടത്താൻ പറ്റാത്ത സാഹചര്യം വന്നാൽ അത് മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്ക് ആശുപത്രി അധികാരികൾ ഉത്തരവാദികളായിരിക്കുന്നതല്ല.
8. ഏതെങ്കിലും കാരണവശാൽ കാന്റീൻ പ്രവർത്തനം നിർത്തിവയ്ക്കുന്ന പക്ഷം ടി വിവരം 60 ദിവസത്തിന് മുൻപെങ്കിലും ആശുപത്രി സൂപ്രണ്ടിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം കാന്റീൻ പ്രവർത്തിച്ചതായി കണക്കാക്കിക്കൊണ്ട് വാടക ഈടാക്കുന്നതാണ്.
9. കാന്റീൻ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും, ദുർഗന്ധം ഇല്ലാതെയും ഖര/ദ്രവ മാലിന്യങ്ങൾ എല്ലാം തന്നെ രോഗികൾക്കോ ആശുപത്രിയുടെ പ്രവർത്തനത്തിനോ തടസ്സം വരാത്ത വിധം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്. മാലിന്യങ്ങൾ ആശുപത്രി വളപ്പിൽ കൂട്ടിയിടാനോ കത്തിച്ചുകളയുന്നതിനോ അനുദിക്കുന്നതല്ല.
10. മാലിന്യങ്ങൾ യാതൊരു കാരണവശാലും പൊതു ഇടങ്ങളിലേക്ക് ഒഴുക്കിവിടുകയോ നിക്ഷേപിക്കുകയോ ചെയ്യരുത്.
11. ടെണ്ടറിൽ രേഖപ്പെടുത്തിയതിൻ പ്രകാരമുള്ള പ്രതിമാസ വാടക ........../- രൂപയും വെള്ളക്കരം 3500 രൂപയും ഒരു മാസം പൂർത്തിയാകുന്ന മുറയ്ക്ക് 10 ദിവസത്തിനുള്ളിൽ ആഫീസിൽ അടക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം വാടക ഒടുക്കാതെയിരുന്നാൽ അടുത്ത ഓരോ ദിവസത്തിനും 50/- രൂപ എന്ന ക്രമത്തിൽ പിഴ ഒടുക്കേണ്ടതാണ്. ആറ് മാസത്തെ വാടക തുക സെക്യൂരിറ്റി ഇനത്തിൽ കാന്റീൻ പ്രവർത്തിക്കുന്നതിന് മുൻപായി ആഫീസിൽ അടക്കേണ്ടതാണ്. കാലാവധിക്ക് മുൻപ് കാന്റീൻ പ്രവർത്തനം നിർത്തുന്ന പക്ഷം അഡ്വാൻസ് തുകയിൽ നിന്ന് കുടിശ്ശിക വാടക ഈടാക്കി ബാക്കി തുക ആറ് മാസം തികയുന്ന മുറക്ക് ലഭിക്കുന്നതുമാണ്.
12. കാന്റീൻ പ്രവർത്തിക്കുന്നതിന് ഭക്ഷ്യസുരക്ഷ വിഭാഗത്തിൽ നിന്നും ലഭിച്ച രജിസ്ട്രേഷൻ/ലൈസൻസ് എന്നിവ സ്വന്തം ചെലവിൽ സമ്പാദിക്കേണ്ടതും പകർപ്പുകൾ ആഫീസിൽ നൽകേണ്ടതുമാണ്. ഭക്ഷണസാധനങ്ങൾ കൈകാര്യം ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും, പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

13. ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിനും അവശ്യമെങ്കിൽ സാമ്പിൾ പരിശോധിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അനുവദിക്കേണ്ടതാണ്. കരാറുകാരന്റെ അംഗീകൃത ജീവനക്കാരല്ലാതെ പാചകം ചെയ്യുന്നയിടത്ത് മറ്റാരും പ്രവേശിക്കുവാൻ പാടുള്ളതല്ല. ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

14. കാന്റീനിൽ ഉപയോഗിക്കുന്ന വൈദ്യുതി ബിൽ/വാട്ടർ ബിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അടക്കേണ്ടതാണ്. നിലവിൽ വാട്ടർ കണക്ഷൻ കാന്റീന് പ്രത്യേകമായി ഇല്ലാത്തതുകൊണ്ട് അത് ലഭ്യമാകുന്നതുവരെ പ്രതിമാസം **3500/-** രൂപ എല്ലാ മാസവും വാടകയ്ക്കൊപ്പം അടയ്ക്കേണ്ടതാണ്. കണക്ഷൻ കിട്ടുന്ന മുറയ്ക്ക് മുൻ മാസങ്ങളിലെ ജല ഉപഭോഗത്തിന്റെ ശരാശരി കണക്കാക്കി മേൽ കാലയളവിലെ തുക ക്രമപ്പെടുത്തി ഒടുക്കേണ്ടതുമാണ്.

15. നിശ്ചിത സമയപരിധിക്കുള്ളിൽ വാടക അടക്കാതെ വന്നാൽ കാന്റീൻ നടത്തുന്നതിന് അനുവദിക്കുന്നതല്ല. തുടർ നടപടികൾ ആശുപത്രി നിർവ്വഹണ സമിതി തീരുമാന പ്രകാരം നടപ്പിലാക്കുന്നതാണ്.

16. കാന്റീൻ കെട്ടിടത്തിന് കരാറുകാരൻ മുഖേനെയുണ്ടാകുന്ന എല്ലാ കേടുപാടുകൾക്കും ഉത്തരവാദിയായിരിക്കുന്നതും ഇത് കരാറുകാരൻ പരിഹരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം മുൻകൂർ തുകയിൽ നിന്നോ നിയമാനുസൃത മാർഗ്ഗങ്ങൾ മുഖേനെയോ ഈടാക്കുന്നതാണ്.

17. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി സൂപ്രണ്ടും/ആർ.എം.ഒ.-യും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

18. കാന്റീനിൽ വിൽക്കപ്പെടുന്ന സാധനങ്ങളുടെ വിലവിവര പട്ടിക എഴുതി പ്രദർശിപ്പിക്കേണ്ടതും ആശുപത്രി ജീവനക്കാർക്ക് 25% കിഴിവ് നൽകേണ്ടതുമാണ്. ഭക്ഷ്യവസ്തുക്കളുടെ നിരക്ക് ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളുടെ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായിരിക്കണം. വിലയിൽ മാറ്റം വരുത്തുന്നതിന് സൂപ്രണ്ടിൽ നിന്നുമുള്ള മുൻകൂർ അനുവാദം കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്.

19. കാന്റീനിൽ സ്റ്റഫ് ചെയ്തതും, പാകപ്പെടുത്തിയതുമായ ഭക്ഷണ സാധനങ്ങൾ അല്ലാതെ മറ്റൊന്നും വിൽക്കാൻ പാടില്ല.

20. പുകയില/ലഹരി ഉൽപ്പന്നങ്ങളോ മറ്റു വസ്തുക്കളോ കാന്റീൻ വഴി വിൽപ്പന നടത്തുവാൻ പാടുള്ളതല്ല.

21. ചായ, കാപ്പി മുതലായ പാനീയങ്ങൾ പ്ലാസ്റ്റിക് ഗ്ലാസുകളിൽ വിതരണം ചെയ്യുവാൻ പാടുള്ളതല്ല. പ്ലാസ്റ്റിക് കിറ്റുകൾ, കവറുകൾ എന്നിവ കാന്റീനിൽ ഉപയോഗിക്കരുത്.

22. കാന്റീൻ നടത്തിപ്പിൽ ഭക്ഷ്യസുരക്ഷ വിഭാഗവും നഗരസഭ ആരോഗ്യ വിഭാഗവും സംസ്ഥാന ആരോഗ്യ വിഭാഗവും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

23. കാന്റീൻ ജീവനക്കാർ ഏകീകൃതമായ വൃത്തിയുള്ള വസ്ത്രം ധരിക്കേണ്ടതാണ്.

24. ലേലം/ടെണ്ടർ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടായാൽ ആശുപത്രി സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും. അപ്രകാരം ടെണ്ടർ റദ്ദുചെയ്യുന്നതിനോ മാറ്റി വയ്ക്കുന്നതിനോയുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

സൂപ്രണ്ട്,
താലൂക്ക് ആസ്ഥാന ആശുപത്രി,
വടക്കൻ പറവൂർ.

SUPERINTENDENT
TALUK HEAD QUARTERS HOSPITAL
NORTH PARAVUR